# പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 498**

**(08.08.2017 ലെ മറുപടിക്ക്)**

**കോന്നി മണ്ഡലത്തിലെ ചിറ്റാർ സബ് ട്രഷറി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.അടൂർ പ്രകാശ് | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | കോന്നി മണ്ഡലത്തിലെ ചിറ്റാർ സബ് ട്രഷറിയുടെ നിർമ്മാണം അരംഭിച്ചത് എന്നാണ്; ആയതിലേക്ക് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ; | കോന്നി മണ്ഡലത്തിലെ ചിറ്റാർ സബ്ട്രഷറിക്കായി ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിൽ ട്രഷറിക്കനുയോജ്യമായ വിധത്തിൽ ക്രമീകരണ പ്രവർത്തനങ്ങൾ 2014-ജൂണിൽ ആരംഭിച്ചു. നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ ചുവടെചേർക്കുന്നു.<br>i) പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ടി കെട്ടിടത്തിൽ നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കി നൽകി.<br>ii) സ്ട്രോംഗ് റൂം, ഗോദ്റേജ് സ്റ്റീൽ ഡോർ എന്നിവ സ്ഥാപിക്കുകയും ബീറ്റ് ഏരിയ സുരക്ഷിതമാക്കുകയും ചെയ്തു.<br>iii) ട്രഷറി ഓഫീസറുടെ മുറി ക്രമീകരിച്ചു.<br>iv) തറയിൽ സെറാമിക് ടൈലുകൾ പാകി സജ്ജീകരിച്ചു. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള തടസ്സം എന്തെല്ലാം; വിശദീകരിക്കുമോ; തടസ്സം പരിഹരിക്കുന്നതിന് സർക്കാർ ഭാഗത്തുനിന്ന് കൈക്കൊണ്ടിട്ടുള്ള ഇടപെടലുകൾ എന്തെല്ലാം; | നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ? | ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ ആറുമാസത്തിനകം പൂർത്തീകരിക്കുവാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**